പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T 211

18/06/2014-ൽ മറുപടിയ്ക്ക്

**ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകളിൽ സൂക്ഷിച്ച നിധിശേഖരത്തിൽ നിന്നും പല അമൂല്യ വസ്തുക്കളും കടത്തിയിട്ടുണ്ട് എന്ന വിദഗ്ദ്ധ സമിതി മുൻ അദ്ധ്യക്ഷൻെറ പരാമർശത്തിൻെറ അടിസ്ഥാനത്തിൽ എന്ത് അന്വേഷണം നടത്താനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ; | എ) | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ നിലവറകളിൽ സൂക്ഷിച്ചിരുന്ന നിധിശേഖരത്തിൽ നിന്നും പല അമൂല്യ വസ്തുക്കളും കടത്തിയിട്ടുണ്ടെന്ന വിദഗ്ധ സമിതി മുൻ അദ്ധ്യക്ഷൻ ശ്രീ. ആനന്ദബോസിൻെറ റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് അദ്ദേഹം പറഞ്ഞതായി ചില റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ പ്രതിപാദിച്ചു കണ്ടിട്ടുണ്ട്. നിലവിൽ, ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ കേസ്സിൽ അന്വേഷണവും മറ്റു നടപടികളും ബഹു. കോടതിയുടെ ഉത്തരവിൻെറ അടിസ്ഥാനത്തിലാണ് സർക്കർ സ്വീകരിച്ചുവരുന്നത്. |
| ബി) ഇക്കാര്യത്തിൽ രാജകുടുംബവും സർക്കാരും ഒത്തുകളിച്ചെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; | ബി) & സി) | ഈ സർക്കാരും രാജകുടുംബവുമായി യാതൊരു വിധ ഒത്തുകളികളും നടത്തിയിട്ടില്ല. ക്ഷേത്ര ഭരണ കാര്യങ്ങളെപ്പറ്റിയും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു അമിക്കസ്ക്യൂറിയെ ബഹു. സുപ്രീംകോടതി നിയോഗിച്ചിരുന്നു. അമൂല്യങ്ങളായ ചില വസ്തുക്കൾ നഷ്ടപ്പെട്ടെന്ന കാര്യത്തെക്കുറിച്ച് ചില അന്വേഷണങ്ങൾ അദ്ദേഹം നടത്തിയതായി സുപ്രീംകോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അദ്ദേഹം സുപ്രീംകോടതി മുമ്പാകെയാണ് സമർപ്പിച്ചിട്ടുള്ളത്. ആയത് കോടതിയുടെ പരിഗണനയിലാണ്. കോടതി നിർദ്ദേശം അനുസരിച്ച് ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |
| സി) അമൂല്യ നിധിശേഖരത്തിൻെറ നഷ്ടത്തെക്കുറിച്ച് ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമൊ? | | |

സെക്ഷൻ ഓഫീസർ